ച്ചിട്ടുണ്ട്. പുരാതനമായ കെട്ടിടങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് അവയെ സംരക്ഷിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. 50 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഇത്തരം ഭവനങ്ങൾ ടൂറിസ്റ്റുകൾക്ക് താമസസൗകര്യമൊരുക്കുന്നതിനായി രൂപപ്പെടുത്തുന്നതിന് 'ഗൃഹസ്ഥലി' പദ്ധതിയിലൂടെ ടൂറിസം വകുപ്പ് പ്രോത്സാഹനം നൽകും. ഇതിന് സബ്സിഡിയും നൽകുന്നതാണ്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇരുപതോളം അപേക്ഷകൾ ടൂറിസം ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ചു വരുന്നതേയുള്ളൂ. ആയതിനാൽ ഇതുവരെ ഈ പദ്ധതിക്കുവേണ്ടി ചെലവ് ഉണ്ടായിട്ടില്ല.

116 (2302) പിൽഗ്രിം ടൂറിസം

<u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ എത്തുന്ന കോടിക്കണക്കിന് തീർത്ഥാടകരെ കൂട്ടിയിണക്കി 'പിൽഗ്രിം ടൂറിസം' പദ്ധതി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കേരളത്തിൽ എത്തുന്ന തീർത്ഥാടകരെ ഒരു ദിവസംകൂടി കേരളത്തിൽ തങ്ങുവാൻ പ്രേരിപ്പിക്കുന്ന വിധത്തിൽ പച്ചക്കാനം, ഗവി, പെരുംതേനരുവി മേഖലകൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതിക്ക് രൂപം നൽകുവാൻ സർക്കാർ തയ്യാറാകുമോ;

(സി) പ്രസ്തുത പ്രദേശത്തെ എക്കോ-ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 'പിൽഗ്രിം ടൂറിസം' വികസിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ എരുമേലിയിൽ ഒരു തീർത്ഥാടനസൗകര്യം ഒരുക്കുന്നതിനുവേണ്ടി 1,15,37,000/- രൂപയുടെ പദ്ധതി നിലവിലുണ്ട്. ആദ്യ ഗഡുവായി 31,45,000/- രൂപ കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്.

(ബി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലാണ് ഇക്കാര്യത്തിൽ പ്രാരംഭനടപടികൾ കൈക്കൊള്ളേണ്ടത്.

(സി) ഇപ്പോൾ തെന്മല കേന്ദ്രീകരിച്ച് ആരംഭിച്ചിട്ടുള്ള എക്കോ ടൂറിസം പദ്ധതി കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുമ്പോൾ ഇക്കാര്യവും പരിശോധിക്കാവുന്നതാണ്.

117 (2303) സംസ്ഥാനം സന്ദർശിച്ച വിദേശ ടൂറിസ്റ്റുകൾ

<u>ശ്രീ. സി.കെ. നാണു</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ വർഷം എത്ര വിദേശ ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഈ വകയിൽ സംസ്ഥാനത്തിനുണ്ടായ നേട്ടം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly